(സി) അഞ്ചപേക്ഷകരിൽ എത്രപേക്ക് കണക്ഷൻകൊടുത്തു;എന്തു് ഉറപ്പിന്മേൽ;

(ഡി) ശേഷം അപേക്ഷകരിൽനിന്നും ഏതെങ്കിലും ഉറപ്പു് ആവശ്യപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്തു് വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): (എ) ഉണ്ടു്.

(ബി) അറിയാം.

(സി) ആർക്കും കണക്ഷൻ കൊടുത്തിട്ടില്ല.

(ഡി) ഗവൺമെൻറിനു് നിശ്ചിത തുകയിൽ കുറയാത്ത കൺസ് ചാർജ്ജു് കിട്ടണം. അതിനു് എല്ലാവരോടും ഉറപ്പു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. റഫേൽ റൊഡ്രിഗ്സ്: ആർക്കെങ്കിലും കണക്ഷൻ കൊടുക്കുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഉണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: എത്ര ആളുകൾക്കു് അനുവാദം കൊടുത്തിട്ടുണ്ടു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള. രണ്ടുപേക്കു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. ഈ അനുവാദം കൊടുത്തിട്ടുള്ളവരിൽനിന്നു് ഉറപ്പു് കിട്ടിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള. ഉറപ്പു് ആവശ്യപ്പെട്ടിട്ടുണ്ടു്. പക്ഷേ അതു് കിട്ടിയിട്ടില്ല.

പി. ഡബ്ലിയു. ഡി–യിലെ പുതിയ നിയമനങ്ങൾ

*നവ്യ ൦. (൪൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഗവൺമെൻറിൽനിന്നും വേതനം വാങ്ങി ഇഞ്ചിനീയറിംഗു് പരീക്ഷ പാസ്സായ കുറെ ആളുകൾക്കു് ഉടൻ ഉദ്യോഗം കൊടുക്കുവാൻ ഗവൺമെൻറു് ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) 'എ' ക്കു് ഉത്തരം 'ഉണ്ടു്' എന്നാണെങ്കിൽ എത്രപേരെയാണു് അങ്ങിനെ നിയമിക്കുന്നതു്;

(സി) മേൽ പറഞ്ഞവരിൽ എത്രപേർ മറെറവിടെയെങ്കിലും ഉദ്യോഗം ഉണ്ടായിരുന്നവരാണു്;

(ഡി) "ഡി" ക്കുള്ള ഉത്തരത്തിൽ പറയുന്നവരെ കൂടാതെ എത്രപേർ വേതനം വാങ്ങിയവരുടെ കൂട്ടത്തിൽ ഉദ്യോഗം നൽകപ്പെടാതെ ഉണ്ടു്;

(ഇ) വേതനം വാങ്ങാതെ പഠിച്ചവരിൽ എത്രപേർ ഉദ്യോഗാർത്ഥികളായുണ്ടു്; അവരിൽ തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ടവർ എത്ര പേർ? കൊച്ചി വിഭാഗത്തിൽപ്പെട്ടവർ എത്രപേർ?

Minister for Public Works **(Sri. G. Chandrasekhara Pillai):** Information is being collected.

Short Notice question
TOWN ALLOWANCE

***1. Sri. C. V. Iyyu.** Will the hon. Minister for Finance be pleased to state.—

(*a*) in the light of his answer to my supplementary question to question No. 19 of 22—9—1951, whether some of the Peons, clerks and other officers of

*As the Member was absent, this question was put by Sri. K. K. Challappan Pillai with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly